**ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കുവേണ്ടിയും, രാജ്യത്തിന്റെ യാഥാർഥ്യത്തിനും പ്രത്യക്ഷതയ്ക്കുംവേണ്ടിയും, കർത്താവിന്റെ വരവിനുവേണ്ടി മണവാട്ടി തന്നെത്താൻ ഒരുക്കുന്നതിനുവേണ്ടിയും നല്ലദേശത്താൽ മുൻകുറിക്കപ്പെടുന്ന സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്മേൽ അധ്വാനിക്കുന്നു**

ദൂത് പന്ത്രണ്ട്

# ദൈവത്തിന്റെ വാസസ്ഥലമായ ആലയത്തിലും ദൈവത്തിന്റെ രാജ്യമായ നഗരത്തിലും പരിണമിക്കുന്നതിന് നല്ലദേശമായ ക്രിസ്തുവിനെ ആസ്വദിക്കുന്ന ഒരു ജീവിതം നയിക്കുന്നു

MC *Hymns:* ML43, ML53

തിരുവെഴുത്ത് വായന: 2 കൊരി. 13:14; 1:12; 4:15; 6:1; 8:1, 9; 9:8, 14; 12:9

2 Cor. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

2 Cor. 1:12 ഞങ്ങൾ ലോകത്തിൽ, അതിലുപരി നിങ്ങളുടെ മുമ്പാകെ, ജഡിക ജ്ഞാനത്തിൽ അല്ല ദൈവകൃപയിലത്രേ, ദൈവത്തിന്റെ ഏകാഗ്രതയിലും ആത്മാർഥതയിലും, ഞങ്ങളെത്തന്നെ നടത്തിയിരിക്കുന്നു എന്ന ഞങ്ങളുടെ മനസ്സാക്ഷിയുടെ സാക്ഷ്യം, ഞങ്ങളുടെ പ്രശംസയാകുന്നു.

2 Cor. 4:15 അനേകരിലൂടെ പെരുകിയ കൃപ, ദൈവമഹത്വത്തിന് സ്തോത്രം സമൃദ്ധമാകുവാൻ ഇടയാകേണ്ടതിന് സകലവും നിങ്ങൾ നിമിത്തമാകുന്നു.

2 Cor. 6:1 അങ്ങനെ അവനോടുകൂടെ വേല ചെയ്തുകൊണ്ട്, ദൈവത്തിന്റെ കൃപ വ്യർഥമായി പ്രാപിക്കരുതെന്ന് ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു;

2 Cor. 8:1 ഇതുകൂടാതെ സഹോദരന്മാരേ, മക്കെദോന്യയിലെ സഭകളിൽ നൽകപ്പെട്ടിരിക്കുന്ന ദൈവകൃപയെ ഞങ്ങൾ നിങ്ങളോട് അറിയിക്കുന്നു,

2 Cor. 8:9 നമ്മുടെ കർത്താവായ യേശു ക്രിസ്തു സമ്പന്നനായിരുന്നിട്ടും അവന്റെ ദാരിദ്ര്യം നിമിത്തം നിങ്ങൾ സമ്പന്നരാകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന അവന്റെ കൃപ നിങ്ങൾ അറിയുന്നുവല്ലോ.

2 Cor. 9:8 നിങ്ങൾ സകലത്തിലും എല്ലായ്പ്പോഴും പൂർണ തൃപ്തിയുള്ളവരായി, സകല സൽപ്രവൃത്തിക്കായി വർധിച്ചുവരേണ്ടതിന്, നിങ്ങൾക്ക് സകല കൃപയും വർധിപ്പിക്കുവാൻ ദൈവം പ്രാപ്തൻ ആകുന്നു.

2 Cor. 9:14 നിങ്ങളുടെമേലുള്ള അളവറ്റ ദൈവകൃപ ഹേതുവായി നിങ്ങളെച്ചൊല്ലിയുള്ള അപേക്ഷയിൽ ആയിരിക്കവേ അവരും നിങ്ങളുടെ പിന്നാലെ വാഞ്ഛിക്കുന്നു.

2 Cor. 12:9 അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

**I. പഴയനിയമത്തിലെ യിസ്രായേൽമക്കളുടെ ചരിത്രത്തെ 1 കൊരിന്ത്യരിൽ പുതിയനിയമ വിശ്വാസികളുടെ ഒരു മുൻകുറിയായി എടുക്കുന്നു (5:7-8; 10:1-13), എന്നാൽ 1 കൊരിന്ത്യരിൽ നല്ലദേശത്തെക്കുറിച്ച് യാതൊരു പരാമർശവുമില്ല, കാരണം, ആത്മികമായി പറഞ്ഞാൽ, നല്ലദേശത്തിന്റെ യാഥാർഥ്യം 2 കൊരിന്ത്യരിലാണുള്ളത്:**

2 Cor. 5:7 (കാഴ്ച്ചയാലല്ല വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നത്)—

2 Cor. 5:8 ഞങ്ങൾ നല്ല ധൈര്യമുള്ളവരായി ശരീരം വിട്ട് അകലെ കർത്താവിനോടുകൂടെ ഭവനത്തിൽ ആയിരിക്കുവാൻ ഇഷ്ടപ്പെടുന്നു.

2 Cor. 10:1 എന്നാൽ (നിങ്ങൾ പറയുന്നതുപോലെ) സന്നിഹിതനായി നിങ്ങളുടെ ഇടയിൽ നിന്ദ്യനും അസാന്നിധ്യത്തിൽ നിങ്ങളോട് ധൈര്യമുള്ളവനുമായ പൗലൊസ് എന്ന ഞാൻ, ക്രിസ്തുവിന്റെ സൗമ്യതയും വിനയവും മുഖാന്തരം നിങ്ങളോട് അപേക്ഷിക്കുന്നത്,

2 Cor. 10:2 ജഡപ്രകാരം നടക്കുന്നവർ എന്ന് ഞങ്ങളെ എണ്ണുന്ന ചിലരോട്, സന്നിഹിതനാകുമ്പോൾ ഞാൻ എന്നെത്തന്നെ എണ്ണുന്ന നിശ്ചയപ്രകാരം ധൈര്യപ്പെടുവാൻ തുനിയേണ്ടതിന് ഇടവരരുതെന്ന് നിങ്ങളോട് അപേക്ഷിക്കുന്നു.

2 Cor. 10:3 ഞങ്ങൾ ജഡത്തിൽ നടക്കുന്നെങ്കിലും ജഡപ്രകാരം പോരാടുന്നില്ല;

2 Cor. 10:4 ഞങ്ങളുടെ യുദ്ധത്തിന്റെ ആയുധങ്ങൾ ജഡികമല്ല, കോട്ടകളെ മറിച്ചിടുവാൻ ദൈവമുമ്പാകെ ശക്തിയുള്ളവയത്രേ,

2 Cor. 10:5 അവയാൽ ഞങ്ങൾ വാദങ്ങളെയും ദൈവത്തിന്റെ പരിജ്ഞാനത്തിന് എതിരായി ഉയരുന്ന സകല ഉയർച്ചയെയും മറിച്ചിടുകയും, ക്രിസ്തുവിന്റെ അനുസരണത്തിങ്കലേക്ക് ഓരോ ചിന്തയെയും ബദ്ധമാക്കുകയും ചെയ്യുന്നു.

2 Cor. 10:6 നിങ്ങളുടെ അനുസരണം നിവൃത്തിയാകുമ്പോൾ സകല അനുസരണക്കേടിനെയും ശിക്ഷിക്കുവാൻ ഞങ്ങൾ ഒരുങ്ങിയുമിരിക്കുന്നു.

2 Cor. 10:7 നിങ്ങൾ കാര്യങ്ങളെ അവയുടെ കാഴ്ച്ചയ്ക്കൊത്തവണ്ണം നോക്കുന്നു. താൻ ക്രിസ്തുവിനുള്ളവൻ എന്ന് ഒരുവന് തന്നിൽത്തന്നെ നിശ്ചയം ഉണ്ടെങ്കിൽ, അവൻ ക്രിസ്തുവിനുള്ളവൻ ആകുന്നതുപോലെ ഞങ്ങളും ആകുന്നു എന്ന് അവൻ പിന്നെയും തന്നെക്കുറിച്ചുതന്നെ എണ്ണിക്കൊള്ളട്ടെ.

2 Cor. 10:8 നിങ്ങളെ മറിച്ചിടുവാനല്ല നിങ്ങളെ കെട്ടുപണി ചെയ്യുവാനായി കർത്താവ് നൽകിയിരിക്കുന്ന ഞങ്ങളുടെ അധികാരത്തെക്കുറിച്ച് അത്യധികം പ്രശംസിച്ചാൽ കൂടി, ഞാൻ ലജ്ജിച്ചുപോകുകയില്ല.

2 Cor. 10:9 എന്റെ ലേഖനങ്ങളിലൂടെ നിങ്ങളെ ഭയപ്പെടുത്തുന്നതായി തോന്നാതിരിക്കുവാനത്രേ ഞാൻ ഇത് പറയുന്നത്,

2 Cor. 10:10 എന്തുകൊണ്ടെന്നാൽ അവന്റെ ലേഖനങ്ങൾ ഘനമേറിയതും ശക്തവും എങ്കിലും അവന്റെ ശാരീരിക സാന്നിധ്യം ബലഹീനവും സംസാരം നിന്ദ്യവും തന്നെ എന്ന് ഒരുവൻ പറയുന്നു.

2 Cor. 10:11 അസാന്നിധ്യത്തിൽ ലേഖനങ്ങളാൽ വാക്കിൽ ഞങ്ങൾ എങ്ങനെയുള്ളവരോ, സന്നിഹിതരാകുമ്പോൾ പ്രവൃത്തിയിലും ഞങ്ങൾ അങ്ങനെയുള്ളവർ തന്നേ എന്ന് ഇങ്ങനെയുള്ളവൻ എണ്ണിക്കൊള്ളട്ടെ.

2 Cor. 10:12 തങ്ങളെത്തന്നെ പുകഴ്ത്തുന്നവരുമായി ഞങ്ങളെ തരംതിരിക്കുവാനോ താരതമ്യം ചെയ്യുവാനോ ഞങ്ങൾ തുനിയുന്നില്ല; എന്നാൽ അവർ, തങ്ങളെക്കൊണ്ട് തങ്ങളെ അളന്നും തങ്ങളെക്കൊണ്ട് തങ്ങളെ താരതമ്യം ചെയ്തും, തിരിച്ചറിവില്ലാതിരിക്കുന്നു.

2 Cor. 10:13 എന്നാൽ ഞങ്ങൾ ഞങ്ങളുടെ അളവിനപ്പുറമല്ല, അളവിന്റെ ദൈവം നിങ്ങളുടെ അടുക്കലോളം എത്തുവാൻ ഞങ്ങൾക്ക് പകുത്തുനൽകിയിരിക്കുന്ന അതിരിന്റെ അളവിന് ഒത്തവണ്ണമത്രേ പ്രശംസിക്കുകയുള്ളൂ.

A. 2 കൊരിന്ത്യരിലെ നല്ലദേശത്തിന്റെ യാഥാർഥ്യം ദിവ്യ കൃപ എന്ന നിലയിൽ ക്രിസ്തു തന്നെയാണ്; 2 കൊരിന്ത്യരിലെ കേന്ദ്രീയ ചിന്തയും വിഷയവും കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയാണ്—13:14; 1:12; 4:15; 6:1; 8:1, 9; 9:8, 14; 12:9.

2 Cor. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

2 Cor. 1:12 ഞങ്ങൾ ലോകത്തിൽ, അതിലുപരി നിങ്ങളുടെ മുമ്പാകെ, ജഡിക ജ്ഞാനത്തിൽ അല്ല ദൈവകൃപയിലത്രേ, ദൈവത്തിന്റെ ഏകാഗ്രതയിലും ആത്മാർഥതയിലും, ഞങ്ങളെത്തന്നെ നടത്തിയിരിക്കുന്നു എന്ന ഞങ്ങളുടെ മനസ്സാക്ഷിയുടെ സാക്ഷ്യം, ഞങ്ങളുടെ പ്രശംസയാകുന്നു.

2 Cor. 4:15 അനേകരിലൂടെ പെരുകിയ കൃപ, ദൈവമഹത്വത്തിന് സ്തോത്രം സമൃദ്ധമാകുവാൻ ഇടയാകേണ്ടതിന് സകലവും നിങ്ങൾ നിമിത്തമാകുന്നു.

2 Cor. 6:1 അങ്ങനെ അവനോടുകൂടെ വേല ചെയ്തുകൊണ്ട്, ദൈവത്തിന്റെ കൃപ വ്യർഥമായി പ്രാപിക്കരുതെന്ന് ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു;

2 Cor. 8:1 ഇതുകൂടാതെ സഹോദരന്മാരേ, മക്കെദോന്യയിലെ സഭകളിൽ നൽകപ്പെട്ടിരിക്കുന്ന ദൈവകൃപയെ ഞങ്ങൾ നിങ്ങളോട് അറിയിക്കുന്നു,

2 Cor. 8:9 നമ്മുടെ കർത്താവായ യേശു ക്രിസ്തു സമ്പന്നനായിരുന്നിട്ടും അവന്റെ ദാരിദ്ര്യം നിമിത്തം നിങ്ങൾ സമ്പന്നരാകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന അവന്റെ കൃപ നിങ്ങൾ അറിയുന്നുവല്ലോ.

2 Cor. 9:8 നിങ്ങൾ സകലത്തിലും എല്ലായ്പ്പോഴും പൂർണ തൃപ്തിയുള്ളവരായി, സകല സൽപ്രവൃത്തിക്കായി വർധിച്ചുവരേണ്ടതിന്, നിങ്ങൾക്ക് സകല കൃപയും വർധിപ്പിക്കുവാൻ ദൈവം പ്രാപ്തൻ ആകുന്നു.

2 Cor. 9:14 നിങ്ങളുടെമേലുള്ള അളവറ്റ ദൈവകൃപ ഹേതുവായി നിങ്ങളെച്ചൊല്ലിയുള്ള അപേക്ഷയിൽ ആയിരിക്കവേ അവരും നിങ്ങളുടെ പിന്നാലെ വാഞ്ഛിക്കുന്നു.

2 Cor. 12:9 അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

B. 1 കൊരിന്ത്യർ 15:10-ലെ *ഞാനല്ല ദൈവകൃപയത്രേ* എന്നത് ഗലാത്യർ 2:20-ലെ *ഇനി ഞാൻ അല്ല, ക്രിസ്തു അത്രേ* എന്നതിനു തുല്യമാണ്; അപ്പൊസ്തലനെ പ്രചോദിപ്പിക്കുകയും അവനിൽ വ്യാപരിക്കുകയും ചെയ്ത കൃപ എന്തെങ്കിലും കാര്യമോ വസ്തുവോ അല്ല, പിന്നയോ സർവവും ഉൾക്കൊള്ളുന്ന ജീവൻ-നൽകുന്ന ആത്മാവായിത്തീർന്നവനും (1 കൊരി. 15:45b; 2 കൊരി. 3:17), തന്നെ ശക്തീകരിക്കുന്ന ആസ്വാദനത്തിനുവേണ്ടി അപ്പൊസ്തലനിൽ വസിച്ചവനുമായ (2 തിമൊ. 4:22; 2:1), പിതാവായ ദൈവത്തിന്റെ ദേഹരൂപമായ (കൊലൊ. 2:9; യോഹ. 14: 7-11), പുനരുത്ഥാനം ചെയ്ത ക്രിസ്തു എന്ന ജീവനുള്ള വ്യക്തിയാണ് (യോഹ. 1:16-17).

1 Cor. 15:10 എന്നാൽ ദൈവത്തിന്റെ കൃപയാൽ ഞാൻ ആകുന്നത് ഞാൻ ആകുന്നു;

എന്നോടുള്ള അവന്റെ കൃപ വ്യർഥമായിത്തീർന്നതുമില്ല, എന്നാൽ അതിന് വിരുദ്ധമായി, അവരിൽ എല്ലാവരിലും അത്യധികമായി ഞാൻ അധ്വാനിച്ചു, എങ്കിലും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ.

Gal. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

John. 1:16 അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.

John. 1:17 ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു.

Col. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

John. 14:7 നിങ്ങൾ എന്നെ അറിഞ്ഞിരുന്നു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു; ഇപ്പോൾ മുതൽ നിങ്ങൾ അവനെ അറിയുന്നു, അവനെ കണ്ടുമിരിക്കുന്നു.

John. 14:8 ഫിലിപ്പൊസ് അവനോട്, കർത്താവേ, ഞങ്ങൾക്കു പിതാവിനെ കാണിച്ചുതരേണം, ഞങ്ങൾക്ക് അതു മതി എന്നു പറഞ്ഞു.

John. 14:9 യേശു അവനോട്, ഇത്രയും ദീർഘകാലം ഞാൻ നിങ്ങളുടെകൂടെ ഉണ്ടായിരുന്നിട്ടും, നീ എന്നെ അറിഞ്ഞില്ലയോ, ഫിലിപ്പൊസേ? എന്നെ കണ്ടിരിക്കുന്നവൻ പിതാവിനെ കണ്ടിരിക്കുന്നു; പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം, എന്നു നീ പറയുന്നത് എങ്ങനെ?

John. 14:10 ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോട് പറയുന്ന വചനങ്ങൾ എന്നിൽനിന്നല്ല ഞാൻ സംസാരിക്കുന്നത്, എന്നിൽ വസിക്കുന്ന പിതാവ് അവന്റെ പ്രവൃത്തികൾ ചെയ്യുന്നതത്രേ.

John. 14:11 ഞാൻ പിതാവിലും പിതാവ് എന്നിലും എന്ന് എന്നെ വിശ്വസിക്കുവിൻ; ഇല്ലെങ്കിൽ, പ്രവൃത്തികൾ നിമിത്തം വിശ്വസിക്കുവിൻ.

1 Cor. 15:45 അങ്ങനെ, "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു" എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു.

2 Cor. 3:17 കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്.

2 Tim. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ.

2 Tim. 2:1 അതുകൊണ്ട് എന്റെ മകനേ, നീ ക്രിസ്തു യേശുവിലുള്ള കൃപയിൽ ശക്തിപ്പെടുക;

C. ദൈവഭവനവും ദൈവരാജ്യവുമായ സഭയുടെ കെട്ടുപണിക്കുവേണ്ടി നാം മറ്റുള്ളവരിലേക്ക് വിവിധമായ ദൈവകൃപ പകരുന്ന നല്ല കാര്യവിചാരകന്മാരായിരി ക്കത്തക്കവണ്ണം, ഏതു തരത്തിലുള്ള പ്രശ്നത്തെ അഭിമുഖീകരിക്കുന്നതിനും എല്ലാ സാഹചര്യങ്ങളോടും

യോജിച്ചുപോകുന്നതിനും ഏതു തരത്തിലുള്ള പെരുമാറ്റത്തെ സഹിക്കുന്നതിനും ഏതു തരത്തിലുള്ള പരിതസ്ഥിതിയെ സ്വീകരിക്കുന്നതിനും ഏതു തരം അവസ്ഥയിലും വേലചെയ്യുന്നതിനും ഏതു തരം അവസരവും എടുക്കുന്നതിനുമായി, നമ്മെ ഉത്തേജിപ്പിക്കുന്നതിനും നമ്മെ പ്രാപ്തരാക്കുന്നനതിനും നമ്മെ താങ്ങുന്നതിനും നമ്മെ ബലപ്പെടുത്തുന്നതിനും നമ്മുടെ ആസ്വാദനത്തിനുവേണ്ടി നമുക്കു നൽകപ്പെട്ട ആത്മാവെന്ന നിലയിൽ ക്രിസ്തുവിലുള്ള ദൈവമാണ് കൃപ—1 കൊരി. 15:10; 2 കൊരി. 1:3-12; 12:7-9; 1 പത്രൊ. 4:10; എഫെ. 3:2.

1 Cor. 15:10 എന്നാൽ ദൈവത്തിന്റെ കൃപയാൽ ഞാൻ ആകുന്നത് ഞാൻ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർഥമായിത്തീർന്നതുമില്ല, എന്നാൽ അതിന് വിരുദ്ധമായി, അവരിൽ എല്ലാവരിലും അത്യധികമായി ഞാൻ അധ്വാനിച്ചു, എങ്കിലും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ.

2 Cor. 1:3 മനസ്സലിവുകളുടെ പിതാവും സകല ആശ്വാസത്തിന്റെയും ദൈവവുമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ,

2 Cor. 1:4 ദൈവം ഞങ്ങളെ ആശ്വസിപ്പിച്ച ആശ്വാസത്താൽ, സകല ക്ലേശത്തിലും ആയിരിക്കുന്നവരെ ഞങ്ങൾക്ക് ആശ്വസിപ്പിക്കുവാൻ കഴിയേണ്ടതിന്, ഞങ്ങളുടെ സകല ക്ലേശത്തിലും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു.

2 Cor. 1:5 ക്രിസ്തുവിന്റെ കഷ്ടതകൾ ഞങ്ങൾക്ക് സമൃദ്ധമാകുന്നതുപോലെ, ക്രിസ്തു മുഖാന്തരം ഞങ്ങളുടെ ആശ്വാസവും സമൃദ്ധമാകുന്നു.

2 Cor. 1:6 എന്നാൽ ഞങ്ങൾ ക്ലേശിപ്പിക്കപ്പെടുന്നെങ്കിൽ, അത് നിങ്ങളുടെ ആശ്വാസത്തിനും രക്ഷയ്ക്കും വേണ്ടിയാകുന്നു; ഞങ്ങൾ ആശ്വസിപ്പിക്കപ്പെടുന്നെങ്കിൽ, അത് ഞങ്ങൾ കഷ്ടമനുഭവിക്കുന്ന അതേ കഷ്ടതകളുടെ സഹിഷ്ണുതയിൽ പ്രവർത്തിക്കുന്ന നിങ്ങളുടെ ആശ്വാസത്തിനു വേണ്ടിയാകുന്നു.

2 Cor. 1:7 നിങ്ങൾ കഷ്ടതകൾക്ക് പങ്കാളികൾ ആകുന്നതുപോലെ ആശ്വാസത്തിനും പങ്കാളികൾ ആകുന്നു എന്ന് അറിഞ്ഞുകൊണ്ട്, നിങ്ങൾക്ക് വേണ്ടിയുള്ള ഞങ്ങളുടെ പ്രത്യാശ ഉറപ്പുള്ളതാകുന്നു.

2 Cor. 1:8 സഹോദരന്മാരേ, ആസ്യയിൽ ഞങ്ങൾക്കുണ്ടായ ക്ലേശത്തെക്കുറിച്ച് നിങ്ങൾ അജ്ഞരായിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല, ഞങ്ങൾ ജീവനോടിരിക്കുമോ എന്നുപോലും നിരാശപ്പെടുമാറ്, ഞങ്ങളുടെ ശക്തിക്ക് അതീതമായി, ഞങ്ങൾ അത്യധികം ഭാരപ്പെട്ടു.

2 Cor. 1:9 ഞങ്ങളിൽ അല്ല, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിന്മേൽ ഞങ്ങളുടെ നിശ്ചയം വച്ചുകൊള്ളേണ്ടതിന്, തീർച്ചയായും ഞങ്ങളിൽത്തന്നെ മരണത്തിന്റെ പ്രത്യുത്തരം ഞങ്ങൾക്ക് ഉണ്ടായിരുന്നു;

2 Cor. 1:10 ഇത്ര വലിയ മരണത്തിൽനിന്ന് അവൻ ഞങ്ങളെ വിടുവിച്ചു, ഞങ്ങളെ വിടുവിക്കുകയും ചെയ്യും; അവൻ ഇനിയും ഞങ്ങളെ വിടുവിക്കും എന്ന് ഞങ്ങൾ അവനിൽ പ്രത്യാശിച്ചും ഇരിക്കുന്നു,

2 Cor. 1:11 ഇതിൽ നിങ്ങളും ഞങ്ങൾക്കുവേണ്ടി അപേക്ഷയാൽ സഹായിക്കുമെങ്കിൽ, അനേകർ മുഖാന്തരം ഞങ്ങൾക്ക് ലഭിച്ച വരത്തിനായി, അനേകം വ്യക്തികളാൽ ഞങ്ങൾ നിമിത്തം നിങ്ങൾക്ക് നന്ദി പറയുവാൻ ഇടവരും.

2 Cor. 1:12 ഞങ്ങൾ ലോകത്തിൽ, അതിലുപരി നിങ്ങളുടെ മുമ്പാകെ, ജഡിക ജ്ഞാനത്തിൽ അല്ല ദൈവകൃപയിലത്രേ, ദൈവത്തിന്റെ ഏകാഗ്രതയിലും ആത്മാർഥതയിലും, ഞങ്ങളെത്തന്നെ നടത്തിയിരിക്കുന്നു എന്ന ഞങ്ങളുടെ മനസ്സാക്ഷിയുടെ സാക്ഷ്യം, ഞങ്ങളുടെ പ്രശംസയാകുന്നു.

2 Cor. 12:7 വെളിപാടുകളുടെ അതിവിശിഷ്ടത നിമിത്തം, ഞാൻ അത്യന്തം ഉയർത്തപ്പെടാതിരിക്കേണ്ടതിന്, എനിക്ക് ജഡത്തിൽ ഒരു മുള്ള്, സാത്താന്റെ ഒരു ദൂതനെ, എന്നെ ഇടിക്കേണ്ടതിന് തന്നിരിക്കുന്നു, ഞാൻ അത്യന്തം ഉയർത്തപ്പെടാതിരിക്കേണ്ടതിന് തന്നെ.

2 Cor. 12:8 അത് എന്നെ വിട്ടുപോകേണ്ടതിന്, ഇതിനെക്കുറിച്ച് ഞാൻ മൂന്നു പ്രാവശ്യം കർത്താവിനോട് അപേക്ഷിച്ചു.

2 Cor. 12:9 അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

1 Pet. 4:10 ഓരോരുത്തനും, തനിക്ക് വരം ലഭിച്ചിരിക്കുന്നതുപോലെ, ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി നിങ്ങളുടെ ഇടയിൽ അത് ശുശ്രൂഷിച്ചുകൊണ്ടുതന്നെ.

Eph. 3:2 നിങ്ങൾക്കായി എനിക്കു നൽകപ്പെട്ട ദൈവകൃപയുടെ കാര്യവിചാരകത്വത്തെക്കുറിച്ച് നിങ്ങൾ വാസ്തവമായി കേട്ടിട്ടുണ്ടെങ്കിൽ,

**II. ദൈവത്തിന്റെ ദൃഷ്ടിയിൽ, നല്ലദേശത്താൽ മുൻകുറിക്കപ്പെടുന്ന സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ ആസ്വദിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന ഒരു ജീവിതം എങ്ങനെ നയിക്കാമെന്ന് നാം കാണണം—കൊലൊ. 1:12; 2:6-7:**

Col. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

Col. 2:6 ആകയാൽ നിങ്ങൾ യേശു കർത്താവായ, ക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ, അവനിൽ നടക്കുവിൻ,

Col. 2:7 അവനിൽ വേരൂന്നി പണിയപ്പെട്ടുകൊണ്ട്,....

A. ജീവനുള്ള ദൈവത്തിന്റെ ഭവനവും ആലയവുമായ ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കുവേണ്ടി കൂട്ടായി ഒരുമിച്ച് നാം അവനെ ആസ്വദിക്കേണ്ടതിന് നാം ക്രിസ്തുവിന്മേൽ അധ്വാനിക്കുന്ന ഒരു ജീവിതം, ക്രിസ്തുവിനെ വ്യക്തിപരമായി ആസ്വദിക്കുന്ന ഒരു ജീവിതം നയിക്കേണ്ടതാവശ്യമാണ്—1 കൊരി. 3:17; 1 തിമൊ. 3:15.

1 Cor. 3:17 ആരെങ്കിലും ദൈവത്തിന്റെ ആലയത്തെ നശിപ്പിച്ചാൽ, ദൈവം അവനെ നശിപ്പിക്കും; ദൈവത്തിന്റെ ആലയം വിശുദ്ധമാകുന്നു, നിങ്ങളും അങ്ങനെതന്നെ.

1 Tim. 3:15 എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു.

B. നാം ക്രിസ്തുവിനെ ആസ്വദിക്കണം എന്നതാണ് ദൈവത്തിന്റെ ഹിതം (എബ്രാ. 10:5-10; 1 കൊരി. 1:9); ഏത് സാഹചര്യത്തിലും ക്രിസ്തുവിനെ ആസ്വദിക്കുവാനും അനുഭവിക്കുവാനും നാം അന്വേഷിക്കണം (ഫിലി. 3:7-14).

Heb. 10:5 അതുകൊണ്ട് ലോകത്തിലേക്ക് വന്നിട്ട്, അവൻ പറയുന്നു, “യാഗവും

വഴിപാടും നീ ഇച്ഛിച്ചില്ല, എന്നാൽ നീ എനിക്കായി ഒരു ശരീരം ഒരുക്കിയിരിക്കുന്നു.

Heb. 10:6 ഹോമയാഗങ്ങളിലും പാപത്തിനു വേണ്ടിയുള്ള യാഗങ്ങളിലും നീ പ്രസാദിച്ചില്ല.

Heb. 10:7 അപ്പോൾ ഞാൻ പറഞ്ഞു, ഇതാ, ഞാൻ വന്നിരിക്കുന്നു, ദൈവമേ, നിന്റെ ഹിതം ചെയ്യുവാൻ തന്നേ (പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു)."

Heb. 10:8 "യാഗങ്ങളും വഴിപാടുകളും ഹോമയാഗങ്ങളും പാപത്തിനു വേണ്ടിയുള്ള യാഗങ്ങളും നീ ഇച്ഛിച്ചില്ല അതിൽ പ്രസാദിച്ചതുമില്ല" (അവ ന്യായപ്രമാണ പ്രകാരം അർപ്പിക്കുന്നു), എന്ന് മുകളിൽ പറഞ്ഞിട്ട്,

Heb. 10:9 "ഇതാ, നിന്റെ ഹിതം ചെയ്യുവാൻ ഞാൻ വന്നിരിക്കുന്നു" എന്ന് അവൻ പറഞ്ഞു. രണ്ടാമത്തേത് സ്ഥാപിക്കേണ്ടതിന് അവൻ ആദ്യത്തേത് എടുത്തുമാറ്റുന്നു,

Heb. 10:10 ആ ഹിതത്താൽ ഒരിക്കലായുള്ള, യേശു ക്രിസ്തുവിന്റെ, ശരീരയാഗത്തിലൂടെ നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.

1 Cor. 1:9 തന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് തന്നിലൂടെ നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തൻ.

Phil. 3:7 എങ്കിലും എനിക്ക് ലാഭമായിരുന്ന കാര്യങ്ങളെ ക്രിസ്തു നിമിത്തം ഞാൻ നഷ്ടമെന്ന് എണ്ണിയിരിക്കുന്നു.

Phil. 3:8 അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും,

Phil. 3:9 അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്,

Phil. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

Phil. 3:11 മരിച്ചവരിൽ നിന്നുള്ള വിശേഷ പുനരുത്ഥാനം ഞാൻ എങ്ങനെയെങ്കിലും പ്രാപിക്കേണ്ടതിന്, അവൻ നിമിത്തം ഞാൻ സകലത്തിന്റെയും നഷ്ടം സഹിച്ച് അവ ചവറെന്ന് എണ്ണുന്നു.

Phil. 3:12 നേടിക്കഴിഞ്ഞു എന്നോ, തികഞ്ഞവനായിക്കഴിഞ്ഞു എന്നോ അല്ല, എന്നാൽ ക്രിസ്തു യേശുവിനാൽ ഞാൻ എന്തിന് പിടിക്കപ്പെട്ടുവോ, അത് ഞാനും പിടിക്കാമോ എന്നുവച്ച് പിൻപറ്റുന്നതേയുള്ളു.

Phil. 3:13 സഹോദരന്മാരേ, പിടിച്ചിരിക്കുന്നതായി ഞാൻ എന്നെത്തന്നെ എണ്ണുന്നില്ല; എന്നാൽ ഒന്ന് ഞാൻ ചെയ്യുന്നു: പിന്നിലുള്ളവയെ മറന്നുകൊണ്ടും മുന്നിലുള്ളവയ്ക്കായി മുന്നോട്ടാഞ്ഞുകൊണ്ടും,

Phil. 3:14 ദൈവം ക്രിസ്തു യേശുവിൽ എന്നെ മേലേയ്ക്ക് വിളിച്ചിരിക്കുന്ന സമ്മാനത്തിനായി ലക്ഷ്യത്തിലേക്ക് പിൻപറ്റുന്നു.

C. ക്രിസ്തു അളക്കുവാൻ കഴിയാതവണ്ണം സമ്പന്നനാണ്, എന്നാൽ കർത്താവിന്റെ മക്കൾ അലസരായതുകൊണ്ട് സഭ ഇന്ന് ദാരിദ്ര്യത്തിൽ ഇഴഞ്ഞുകൊണ്ടിരിക്കുന്നു—സദൃ. 6:6-11; 24:30-34; 26:14; മത്താ. 25:26, 30.

Prov. 6:6 മടിയാ, ഉറുമ്പിന്റെ അടുക്കൽ ചെല്ലുക; അതിന്റെ വഴികളെ നോക്കി ബുദ്ധിപഠിക്ക.

Prov. 6:7 അതിന്നു നായകനും മേൽവിചാരകനും അധിപതിയും ഇല്ലാതിരുന്നിട്ടും

Prov. 6:8 വേനൽക്കാലത്തു തന്റെ ആഹാരം ഒരുക്കുന്നു; കൊയ്ത്തുകാലത്തു തന്റെ തീൻ ശേഖരിക്കുന്നു.

Prov. 6:9 മടിയാ, നീ എത്രനേരം കിടന്നുറങ്ങും? എപ്പോൾ ഉറക്കത്തിൽ നിന്നെഴുന്നേല്ക്കും?

Prov. 6:10 കുറേക്കൂടെ ഉറക്കം; കുറേക്കൂടെ നിദ്ര; കുറെക്കൂടെ കൈകെട്ടിക്കിടക്ക.

Prov. 6:11 അങ്ങനെ നിന്റെ ദാരിദ്ര്യം വഴിപോക്കനെപ്പോലെയും നിന്റെ ബുദ്ധിമുട്ടു ആയുധപാണിയെപ്പോലെയും വരും.

Prov. 24:30 ഞാൻ മടിയന്റെ കണ്ടത്തിന്നരികെയും ബുദ്ധിഹീനന്റെ മുന്തിരിത്തോട്ടത്തിന്നു സമീപെയും കൂടി പോയി.

Prov. 24:31 അവിടെ മുള്ളു പടർന്നുപിടിച്ചിരിക്കുന്നതും തൂവ നിറഞ്ഞു നിലം മൂടിയിരിക്കുന്നതും അതിന്റെ കന്മതിൽ ഇടിഞ്ഞുകിടക്കുന്നതും കണ്ടു.

Prov. 24:32 ഞാൻ അതു നോക്കി വിചാരിക്കയും അതു കണ്ടു ഉപദേശം പ്രാപിക്കയും ചെയ്തു.

Prov. 24:33 കുറെക്കൂടെ ഉറക്കം, കുറെക്കൂടെ നിദ്ര, കുറെക്കൂടെ കൈ കെട്ടി കിടക്ക.

Prov. 24:34 അങ്ങനെ നിന്റെ ദാരിദ്ര്യം വഴിപോക്കനെപ്പോലെയും നിന്റെ ബുദ്ധിമുട്ടു ആയുധപാണിയെപ്പോലെയും വരും.

Prov. 26:14 കതകു ചുഴിക്കുറ്റിയിൽ എന്നപോലെ മടിയൻ തന്റെ കിടക്കയിൽ തിരിയുന്നു.

Matt. 25:26 അവന്റെ യജമാനൻ അവനോട് ഉത്തരം പറഞ്ഞു, ദുഷ്ടനും മടിയനുമായ അടിമയേ, ഞാൻ വിതയ്ക്കാത്തേടത്തു കൊയ്യുകയും വിതറാത്തേടത്തു ശേഖരിക്കുകയും ചെയ്യുന്നവനാണെന്നു നീ അറിഞ്ഞിരുന്നുവല്ലോ;

Matt. 25:30 പ്രയോജനമില്ലാത്ത അടിമയെ പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളയുവിൻ. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടായിരിക്കും.

D. കർത്താവിനെ ആരാധിക്കുവാൻ നാം യോഗങ്ങളിലേക്കു വരുമ്പോൾ, ഒഴിഞ്ഞ കൈകളുമായി വരരുത്; നമ്മുടെ കൈകൾ ക്രിസ്തുവിന്റെ വിളവുകളാൽ നിറഞ്ഞതായിരിക്കണം—ആവ. 16:15-16:

Deut. 16:15 യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തുവെച്ചു നിന്റെ ദൈവമായ യഹോവെക്കു ഏഴു ദിവസം പെരുനാൾ ആചരിക്കേണം; നിന്റെ അനുഭവത്തിൽ ഒക്കെയും നിന്റെ കൈകളുടെ സകലപ്രവൃത്തിയിലും നിന്റെ ദൈവമായ യഹോവ നിന്നെ അനുഗ്രഹിക്കും; അതുകൊണ്ടു നീ വേണ്ടുംവണ്ണം സന്തോഷിക്കേണം.

Deut. 16:16 നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിന്റെ ആണുങ്ങളൊക്കെയും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുനാളിലും വാരോത്സവത്തിലും കൂടാരപ്പെരുനാളിലും ഇങ്ങനെ സംവത്സരത്തിൽ മൂന്നു പ്രാവശ്യം അവന്റെ സന്നിധിയിൽ വരേണം; എന്നാൽ യഹോവയുടെ സന്നിധിയിൽ വെറുങ്കയ്യായി വരരുതു.

1. ദരിദ്രർക്കും ആവശ്യക്കാർക്കും വേണ്ടിയും, പുരോഹിതന്മാർക്കും ലേവ്യർക്കും വേണ്ടിയും, അതൊടൊപ്പം ഏറ്റവും നല്ലത് കർത്താവിനുവേണ്ടിയും ഒരു അധികപങ്ക് ശേഷിക്കുവാൻ തക്കവണ്ണം നാം അവനെ വേണ്ടുവോളം ഉൽപാദിപ്പിക്കണം—15:11; 18:3-4; 12:11.

Deut. 15:11 ദരിദ്രൻ ദേശത്തു അറ്റുപോകയില്ല; അതുകൊണ്ടു നിന്റെ ദേശത്തു അഗതിയും ദരിദ്രനുമായ നിന്റെ സഹോദരന്നു നിന്റെ കൈ മനസ്സോടെ തുറന്നു കൊടുക്കേണമെന്നു ഞാൻ നിന്നോടു ആജ്ഞാപിക്കുന്നു.

Deut. 18:3 ജനത്തിൽനിന്നു പുരോഹിതന്മാർക്കു ചെല്ലേണ്ടുന്ന അവകാശം എന്തെന്നാൽ: മാടിനെയോ ആടിനെയോ യാഗം കഴിക്കുന്നവൻ കൈക്കുറകും കവിൾ രണ്ടും ആമാശയവും കൊടുക്കേണം.

Deut. 18:4 ധാന്യം, വീഞ്ഞു, എണ്ണ എന്നിവയുടെ ആദ്യഫലവും നിന്റെ ആടുകളെ കത്രിക്കുന്ന ആദ്യരോമവും നീ അവന്നു കൊടുക്കേണം.

Deut. 12:11 നിങ്ങളുടെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിപ്പാൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിങ്ങളുടെ ഹോമയാഗങ്ങൾ, ഹനനയാഗങ്ങൾ, ദശാംശങ്ങൾ, നിങ്ങളുടെ കയ്യിലെ ഉദർച്ചാർപ്പണങ്ങൾ, നിങ്ങൾ യഹോവെക്കു നേരുന്ന വിശേഷമായ നേർച്ചകൾ എല്ലാം എന്നിങ്ങനെ ഞാൻ നിങ്ങളോടു ആജ്ഞാപിക്കുന്നതൊക്കെയും നിങ്ങൾ കൊണ്ടുവരേണം.

2. ക്രിസ്തുവിനോടുകൂടെ ദൈവത്തെ ആരാധിക്കുന്നത് ക്രിസ്തുവിനെ അന്യോന്യവും ദൈവത്തോടുകൂടെയും ആസ്വദിച്ചുകൊണ്ട് എല്ലാ ദൈവമക്കളോടുംകൂടെ കൂട്ടായി അവനെ ആരാധിക്കുന്നതാണ്—1 കൊരി. 14:26.

1 Cor. 14:26 ആകയാൽ എന്ത്, സഹോദരന്മാരേ? നിങ്ങൾ കൂടിവരുമ്പോഴെല്ലാം, ഓരോരുത്തന് സങ്കീർത്തനം ഉണ്ട്, ഉപദേശം ഉണ്ട്, വെളിപാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യാഖ്യാനം ഉണ്ട്. സകലവും കെട്ടുപണിക്കായി ചെയ്യട്ടെ.

E. നാം ജയാളികളായിരിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ നമ്മുടെ ആസ്വാദനമായി നേടുന്നതിന് നമ്മുടെ നല്ലദേശമായ ക്രിസ്തുവിന്മേൽ നാം അധ്വാനിക്കണം:

1. കർത്താവിനെ ആസ്വദിക്കുകയും അനുഭവമാക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തിനായി ഓരോ പ്രഭാതത്തിലും നമ്മെത്തന്നെ ആത്മാർഥമായി അവന് സമർപ്പിക്കണം—പ്ര.നി. ഫിലി. 3:13-14.

Phil. 3:13 സഹോദരന്മാരേ, പിടിച്ചിരിക്കുന്നതായി ഞാൻ എന്നെത്തന്നെ എണ്ണുന്നില്ല; എന്നാൽ ഒന്ന് ഞാൻ ചെയ്യുന്നു: പിന്നിലുള്ളവയെ മറന്നുകൊണ്ടും മുന്നിലുള്ളവയ്ക്കായി മുന്നോട്ടാഞ്ഞുകൊണ്ടും,

Phil. 3:14 ദൈവം ക്രിസ്തു യേശുവിൽ എന്നെ മേലേയ്ക്ക് വിളിച്ചിരിക്കുന്ന സമ്മാനത്തിനായി ലക്ഷ്യത്തിലേക്ക് പിൻപറ്റുന്നു.

2. അവനുമായി ഹൃദ്യമായ കൂട്ടായ്മ ഉണ്ടായിരിക്കുന്നതിന് കർത്താവിനോടു കൂടെയായിരിക്കുവാൻ എല്ലാ ദിവസവും സ്വകാര്യമായും രഹസ്യമായും നാം സമയം ചെലവഴിക്കേണ്ടതാവശ്യമാണ്—മത്താ. 14:22-23; 6:6; പുറ. 33:11a.

Matt. 14:22 ഉടനെ അവൻ പുരുഷാരത്തെ പറഞ്ഞയയ്ക്കവേ, ശിഷ്യന്മാരോട് പടകിൽ കയറി തനിക്കു മുമ്പേ അക്കരെ പോകുവാൻ നിർബന്ധിച്ചു.

Matt. 14:23 പുരുഷാരത്തെ അയച്ചശേഷം, അവൻ പ്രാർഥിക്കുവാൻ സ്വകാര്യമായി മലയിലേക്കു കയറിപ്പോയി. രാത്രി ആയപ്പോൾ അവൻ അവിടെ തനിയെ ആയിരുന്നു.

Matt. 6:6 എന്നാൽ നീ, പ്രാർഥിക്കുമ്പോൾ, നിന്റെ സ്വകാര്യമുറിയിലേക്കു പ്രവേശിച്ച്, നിന്റെ വാതിൽ അടച്ചു, രഹസ്യത്തിലുള്ള നിന്റെ

പിതാവിനോടു പ്രാർഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു മടക്കിത്തരും.

Exo. 33:11 ഒരുത്തൻ തന്റെ സ്നേഹിതനോടു സംസാരിക്കുന്നതുപോലെ യഹോവ മോശെയോടു അഭിമുഖമായി സംസാരിച്ചു. ...

3. എല്ലാ ദിവസവും ഒരു പുതിയ തുടക്കം ഉണ്ടായിരിക്കേണ്ടതിന് അതിരാവിലെ തന്നെ വചനത്തിൽ കർത്താവിനെ നാം ആസ്വദിക്കണം—സങ്കീ. 119:147-148.

Psa. 119:147 ഞാൻ ഉദയത്തിന്നു മുമ്പെ എഴുന്നേറ്റു പ്രാർത്ഥിക്കുന്നു; നിന്റെ വചനത്തിൽ ഞാൻ പ്രത്യാശവെക്കുന്നു.

Psa. 119:148 തിരുവചനം ധ്യാനിക്കേണ്ടതിന്നു എന്റെ കണ്ണു യാമങ്ങളെ നോക്കിക്കൊണ്ടിരിക്കുന്നു.

4. നമുക്കും കർത്താവിനും ഇടയിൽ യാതൊന്നും ഇല്ലാതിരിക്കത്തക്കവണ്ണം നാം പാപങ്ങളോട് സമഗ്രമായി ഇടപെടണം—1 യോഹ. 1:7, 9; പ്ര.നി. യേഹെ. 1:22, 26.

1 John. 1:7 എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

1 John. 1:9 നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു.

Ezek. 1:22 ജീവികളുടെ തലെക്കു മീതെ ഭയങ്കരമായോരു പളുങ്കുപോലെയുള്ള ഒരു വിതാനത്തിന്റെ രൂപം ഉണ്ടായിരുന്നു; അതു അവയുടെ തലെക്കു മീതെ വിരിഞ്ഞിരുന്നു.

Ezek. 1:26 അവയുടെ തലെക്കു മീതെയുള്ള വിതാനത്തിന്നു മീതെ നീലക്കല്ലിന്റെ കാഴ്ചപോലെ സിംഹാസനത്തിന്റെ രൂപവും സിംഹാസനത്തിന്റെ രൂപത്തിന്മേൽ അതിന്നു മീതെ മനുഷ്യസാദൃശ്യത്തിൽ ഒരു രൂപവും ഉണ്ടായിരുന്നു.

5. ഒരു പ്രാർഥനാജീവിതം നയിച്ചുകൊണ്ട്, നിമിഷംപ്രതി കർത്താവുമായുള്ള നമ്മുടെ കൂട്ടായ്മ നാം നിലനിർത്തണം—2 കൊരി. 13:14; ഫിൽ. 4:6-7; വിലാപ. 3:55-56; പ്ര.നി. മത്താ. 11:25-26.

2 Cor. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

Phil. 4:6 ഒന്നിലും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് അറിയിക്കുവിൻ;

Phil. 4:7 സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിങ്ങളുടെ ചിന്തകളെയും ക്രിസ്തു യേശുവിൽ കാക്കും.

Lam. 3:55 യഹോവേ, ഞാൻ ആഴമുള്ള കുണ്ടറയിൽനിന്നു നിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചിരിക്കുന്നു.

Lam. 3:56 എന്റെ നെടുവീർപ്പിന്നും എന്റെ നിലവിളിക്കും ചെവി

പൊത്തിക്കളയരുതേ എന്നുള്ള എന്റെ പ്രാർത്ഥന നീ കേട്ടിരിക്കുന്നു.

Matt. 11:25 ആ സമയത്തു യേശു ഉത്തരം പറഞ്ഞു, പിതാവേ, സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവേ, നീ ഈ കാര്യങ്ങളെ ജ്ഞാനികളിൽനിന്നും ബുദ്ധിമാന്മാരിൽനിന്നും മറച്ചുവച്ചു ശിശുക്കൾക്ക് അവയെ വെളിപ്പെടുത്തിയിരിക്കുന്നതിനാൽ ഞാൻ നിന്നെ പുകഴ്ത്തുന്നു.

Matt. 11:26 അതേ പിതാവേ, ഇപ്രകാരം അത് നിന്റെ ദൃഷ്ടിയിൽ സുപ്രസാദമായിരിക്കുന്നു.

6. ദൈവത്തിന്റെ വിശുദ്ധ വചനത്താൽ സാന്ദ്രീകരിക്കപ്പെടുകയും കുതിർക്കപ്പെടുകയും ചെയ്യേണ്ടതിന് നമ്മുടെ സമയത്തെ നാം വീണ്ടെടുക്കുകയും നമ്മുടെ ഊർജത്തെ നാം ചെലവഴിക്കുകയും വേണം—2 തിമൊ. 3:16-17; കൊലൊ. 3:16.

2 Tim. 3:16 എല്ലാ തിരുവെഴുത്തും ദൈവശ്വാസീയവും, ദൈവത്തിന്റെ മനുഷ്യൻ, സകല സൽപ്രവൃത്തിക്കും പൂർണമായി സജ്ജമാക്കപ്പെട്ടവനായി തികഞ്ഞവനാകേണ്ടതിന്,

2 Tim. 3:17 ഉപദേശത്തിനും, കുറ്റം ബോധ്യപ്പെടുത്തുന്നതിനും, തിരുത്തലിനും, നീതിയിലുള്ള നിർദേശത്തിനും പ്രയോജനമുള്ളതാകുന്നു.

Col. 3:16 സങ്കീർത്തനങ്ങളാലും ഗീതങ്ങളാലും ആത്മിക ഗാനങ്ങളാലും അന്യോന്യം ഉപദേശിച്ചും പ്രബോധിപ്പിച്ചും, നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു കൃപയോടെ പാടിയും, ക്രിസ്തുവിന്റെ വചനം സകല ജ്ഞാനത്തിലും സമ്പന്നമായി നിങ്ങളിൽ വസിക്കട്ടെ.

7. എപ്പോഴും സന്തോഷിക്കുകയും, ഇടവിടാതെ പ്രാർഥിക്കുകയും, എല്ലാറ്റിനും സ്തോത്രംചെയ്യുകയും ചെയ്തുകൊണ്ട് ആത്മാവിൽ നിറഞ്ഞവരായിരിക്കുവാൻ നാം സമയത്തെ വീണ്ടെടുക്കണം—എഫെ. 5:18; 1 തെസ്സ. 5:16-19.

Eph. 5:18 വീഞ്ഞ് കുടിച്ച് മത്തരാകരുത്, അതിന്മൂലം നിയന്ത്രണമില്ലായ്മ ഉണ്ടാകുന്നു, എന്നാൽ ആത്മാവിൽ നിറഞ്ഞവരാകുവിൻ,

1 Thes. 5:16 എപ്പോഴും സന്തോഷിക്കുവിൻ,

1 Thes. 5:17 ഇടവിടാതെ പ്രാർഥിക്കുവിൻ,

1 Thes. 5:18 എല്ലാറ്റിലും സ്തോത്രം ചെയ്യുവിൻ; എന്തെന്നാൽ ഇതാകുന്നു നിങ്ങൾക്കു വേണ്ടി ക്രിസ്തു യേശുവിലുള്ള ദൈവഹിതം.

1 Thes. 5:19 ആത്മാവിനെ കെടുത്തരുത്;

8. നല്ലദേശമായ ക്രിസ്തുവിന്റെ സമ്പത്ത് അനുഭവമാക്കേണ്ടതിന്, നമ്മുടെ ആത്മാവിനാൽ നാം ഭരിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും നിർദ്ദേശിക്കപ്പെടുകയും പ്രേരിപ്പിക്കപ്പെടുകയും നയിക്കപ്പെടുകയും വേണം—2 കൊരി. 2:13.

2 Cor. 2:13 എന്റെ സഹോദരനായ തീത്തൊസിനെ കണ്ടെത്താത്തതിനാൽ, എന്റെ ആത്മാവിൽ എനിക്ക് സ്വസ്ഥത ഉണ്ടായിരുന്നില്ല; അവരിൽനിന്ന് വിടവാങ്ങിയ ശേഷം ഞാൻ മക്കെദോന്യയിലേക്ക് പുറപ്പെട്ടുപോയി.

9. നല്ലദേശമായ ക്രിസ്തുവിന്റെ ധനം അനുഭവിക്കുന്നതിന് ക്രിസ്തുവിന്റെ വ്യക്തിയിലും സാന്നിധ്യത്തിലും അവന്റെ മുഖത്തിനു മുമ്പാകെയും നാം ജീവിക്കണം—വാ. 10; 4:6-7; 3:16-18; 12:2:

2 Cor. 2:10 എന്നാൽ നിങ്ങൾ എന്തെങ്കിലും ക്ഷമിക്കുന്നവനോട്, ഞാനും ക്ഷമിക്കുന്നു; ഞാൻ എന്തെങ്കിലും ക്ഷമിച്ചിരിക്കുന്നെങ്കിൽ, ഞാൻ

ക്ഷമിച്ചിരിക്കുന്നത് നിങ്ങൾ നിമിത്തം ക്രിസ്തു എന്ന വ്യക്തിയിലാകുന്നു.

2 Cor. 4:6 എന്തുകൊണ്ടെന്നാൽ ഇരുട്ടിൽനിന്ന് വെളിച്ചം പ്രകാശിക്കും എന്ന് പറഞ്ഞ ദൈവമാകുന്നു, യേശു ക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം ശോഭിക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചവൻ.

2 Cor. 4:7 എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്.

2 Cor. 3:16 എന്നാൽ അവരുടെ ഹൃദയം കർത്താവിലേക്ക് തിരിയുമ്പോഴെല്ലാം, മൂടുപടം നീങ്ങിപ്പോകുന്നു.

2 Cor. 3:17 കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്.

2 Cor. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

2 Cor. 12:2 ക്രിസ്തുവിലുള്ള ഒരു മനുഷ്യനെ ഞാൻ അറിയുന്നു,...

a. സർവവും-ഉൾക്കൊള്ളുന്ന ദേശമെന്ന നിലയിൽ ക്രിസ്തുവിനെ കൈവശമാക്കേണ്ടതിന്, അവന്റെ വ്യക്തിയാൽ, അവന്റെ സാന്നിധ്യത്താൽ നാം ഭരിക്കപ്പെടണം—പുറ. 33:14.

   Exo. 33:14 അതിന്നു അവൻ: എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും; ഞാൻ നിനക്കു സ്വസ്ഥത നല്കും എന്നു അരുളിച്ചെയ്തു..

b. പൗലൊസ് ക്രിസ്തു എന്ന വ്യക്തിയിൽ ജീവിച്ചതുകൊണ്ട്, അവൻ ക്രിസ്തുവിനെ മാറ്റമില്ലാത്തവനായും (2 കൊരി. 1:17-20), സൗമ്യനും വിനീതനുമായും (10:1), സത്യസന്ധനായും (11:10), ശക്തിയായും (12:10; 13:4), കൃപയായും (വാ. 14) തന്നിൽ സംസാരിക്കുന്നവനായും (വാ. 3; പ്ര.നി. 2:17) അനുഭവമാക്കി.

   2 Cor. 1:17 അതുകൊണ്ട് ഇങ്ങനെ ഉദ്ദേശിച്ചതിൽ ഞാൻ ചാപല്യം കാണിച്ചുവോ? അല്ലെങ്കിൽ എന്റെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കേണ്ടതിന്, ഞാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ, ജഡപ്രകാരമോ ഉദ്ദേശിക്കുന്നത്?

   2 Cor. 1:18 എന്നാൽ ദൈവം വിശ്വസ്തനാകുന്നതുപോലെ, നിങ്ങളോടുള്ള ഞങ്ങളുടെ വചനം ഉവ്വ് എന്നും ഇല്ല എന്നുമല്ല.

   2 Cor. 1:19 എന്തെന്നാൽ ഞങ്ങൾ മുഖാന്തരം, ഞാനും സില്വാനൊസും തിമൊഥെയൊസും മുഖാന്തരം, നിങ്ങളുടെ ഇടയിൽ പ്രസംഗിച്ച, ദൈവപുത്രനായ യേശു ക്രിസ്തു ഉവ്വ് എന്നും ഇല്ല എന്നും ആയിരുന്നില്ല, അവനിൽ ഞങ്ങളുടെ വാക്ക് ഉവ്വ് ആയിരിക്കുന്നു.

   2 Cor. 1:20 എന്തെന്നാൽ ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും, അവനിൽ ഉവ്വ് തന്നെ; അതുകൊണ്ട് ഞങ്ങൾ മുഖാന്തരം ദൈവത്തിന് മഹത്വം ഉണ്ടാകേണ്ടതിന്, അവൻ മുഖാന്തരം

ദൈവത്തിന് ആമേൻ എന്നുതന്നെ.

2 Cor. 10:1 എന്നാൽ (നിങ്ങൾ പറയുന്നതുപോലെ) സന്നിഹിതനായി നിങ്ങളുടെ ഇടയിൽ നിന്ദ്യനും അസാന്നിധ്യത്തിൽ നിങ്ങളോട് ധൈര്യമുള്ളവനുമായ പൗലൊസ് എന്ന ഞാൻ, ക്രിസ്തുവിന്റെ സൗമ്യതയും വിനയവും മുഖാന്തരം നിങ്ങളോട് അപേക്ഷിക്കുന്നത്,

2 Cor. 11:10 എന്നെക്കുറിച്ചുള്ള ഈ പ്രശംസ അഖായ പ്രദേശങ്ങളിൽ നിർത്തലാക്കപ്പെടുകയില്ല എന്നതിന്, ക്രിസ്തുവിന്റെ സത്യസന്ധത എന്നിലുണ്ട്.

2 Cor. 12:10 അതിനാൽ ഞാൻ ക്രിസ്തുവിനുവേണ്ടി ബലഹീനതകളിലും അപമാനങ്ങളിലും ആവശ്യകതകളിലും ഉപദ്രവങ്ങളിലും ഞെരുക്കങ്ങളിലും പ്രസാദിക്കുന്നു; ഞാൻ ബലഹീനൻ ആയിരിക്കുമ്പോൾതന്നെ ശക്തനാകുന്നുവല്ലോ.

2 Cor. 13:4 അവൻ ബലഹീനത നിമിത്തം ക്രൂശിക്കപ്പെട്ടെങ്കിലും, ദൈവശക്തിയാൽ ജീവിക്കുന്നു. അവനിൽ ഞങ്ങൾ ബലഹീനരെങ്കിലും, നിങ്ങളോടുള്ള ദൈവശക്തിയാൽ ഞങ്ങൾ അവനോടുകൂടെ ജീവിക്കും.

2 Cor. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

2 Cor. 13:3 എന്നിൽ സംസാരിക്കുന്ന ക്രിസ്തുവിന്റെ തെളിവ് നിങ്ങൾ അന്വേഷിക്കുന്നുവല്ലോ, അവൻ നിങ്ങൾക്ക് ബലഹീനനല്ല, നിങ്ങളിൽ ശക്തനത്രേ.

2 Cor. 2:17 ഞങ്ങൾ ലാഭത്തിനായി ദൈവവചനത്തിൽ മായം ചേർക്കുന്ന അനേകരെപ്പോലെയല്ല; ആത്മാർഥതയോടെ, ദൈവത്തിൽനിന്ന്, ക്രിസ്തുവിൽ ദൈവമുമ്പാകെയത്രേ ഞങ്ങൾ സംസാരിക്കുന്നത്.

10. പരിശുദ്ധാത്മാവിന്റെ തകർക്കുകയും സംരചിക്കുകയും ചെയ്യുന്ന വേലയിലൂടെ, നല്ല ദേശത്തിന്റെ യാഥാർഥ്യമായ കൃപയായി നാം ക്രിസ്തുവിനെ സ്വീകരിക്കുന്നു, അതിന്മൂലം നമ്മുടെ ആന്തരിക ആളത്തം ദിവ്യ ത്രിത്വത്താൽ പുനർനിർമിക്കപ്പെടുന്നു—12:7-10; 13:14.

2 Cor. 12:7 വെളിപാടുകളുടെ അതിവിശിഷ്ടത നിമിത്തം, ഞാൻ അത്യന്തം ഉയർത്തപ്പെടാതിരിക്കേണ്ടതിന്, എനിക്ക് ജഡത്തിൽ ഒരു മുള്ള്, സാത്താന്റെ ഒരു ദൂതനെ, എന്നെ ഇടിക്കേണ്ടതിന് തന്നിരിക്കുന്നു, ഞാൻ അത്യന്തം ഉയർത്തപ്പെടാതിരിക്കേണ്ടതിന് തന്നെ.

2 Cor. 12:8 അത് എന്നെ വിട്ടുപോകേണ്ടതിന്, ഇതിനെക്കുറിച്ച് ഞാൻ മൂന്നു പ്രാവശ്യം കർത്താവിനോട് അപേക്ഷിച്ചു.

2 Cor. 12:9 അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

2 Cor. 12:10 അതിനാൽ ഞാൻ ക്രിസ്തുവിനുവേണ്ടി ബലഹീനതകളിലും അപമാനങ്ങളിലും ആവശ്യകതകളിലും ഉപദ്രവങ്ങളിലും

ഞെരുക്കങ്ങളിലും പ്രസാദിക്കുന്നു; ഞാൻ ബലഹീനൻ ആയിരിക്കുമ്പോൾതന്നെ ശക്തനാകുന്നുവല്ലോ.

2 Cor. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

**III. നാം അധ്വാനിച്ച ക്രിസ്തുവിന്റെ, നാം ആസ്വദിക്കുകയും അനുഭവമാക്കുകയും ചെയ്ത ക്രിസ്തുവിന്റെ ഒരു പ്രദർശനം ഉണ്ടായിരിക്കുവാൻ നാം ഒന്നിച്ചു കൂടിവരണം—ആവ. 14:22-23:**

Deut. 14:22 ആണ്ടുതോറും നിലത്തു വിതെച്ചുണ്ടാകുന്ന എല്ലാവിളവിലും ദശാംശം എടുത്തുവെക്കേണം.

Deut. 14:23 നിന്റെ ദൈവമായ യഹോവയെ എല്ലായ്പോഴും ഭയപ്പെടുവാൻ പഠിക്കേണ്ടതിന്നു നിന്റെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിപ്പാൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നീ നിന്റെ ധാന്യത്തിന്റെയും വീഞ്ഞിന്റെയും എണ്ണയുടെയും ദശാംശവും നിന്റെ ആടുമാടുകളുടെ കടിഞ്ഞൂലുകളെയും അവന്റെ സന്നിധിയിൽവെച്ചു തിന്നേണം.

A. നമ്മുടെ യോഗജീവിതത്തിനുള്ള ക്രിസ്തുവിന്റെ കൂട്ടായ ആസ്വാദനത്തിനുവേണ്ടി നമ്മുടെ ദൈനംദിന ജീവിതത്തിൽ വ്യക്തിപരമായി നാം ക്രിസ്തുവിനെ ആസ്വദിക്കുമ്പോൾ, ദൈവം നമ്മുടെ ഇടയിലുണ്ടായിരിക്കുകയും, നാം അവന്റെ വാസസ്ഥലവും അവന്റെ രാജ്യവുമായിരിക്കുകയും ചെയ്യുന്നു.

B. ആ ഒരു അളവോളം നാം ക്രിസ്തുവിനെ ആസ്വദിക്കുമ്പോൾ, സഭായോഗം ദൈവത്താൽ നിറഞ്ഞിരിക്കുകയും, ജനം ദൈവത്താൽ സന്നിവേശിപ്പിക്കപ്പെടേണ്ടതിന് സഭയുടെ എല്ലാ പ്രവർത്തനങ്ങളും ദൈവത്തെ അവരിലേക്ക് എത്തിക്കുകയും പ്രസരിപ്പിക്കുകയും ചെയ്യും—1 കൊരി. 14:25.

1 Cor. 14:25 അവന്റെ ഹൃദയ രഹസ്യങ്ങൾ വെളിവായിത്തീരുന്നു; അങ്ങനെ അവൻ കവിണ്ണുവീണ്, തീർച്ചയായും ദൈവം നിങ്ങളുടെ ഇടയിൽ ഉണ്ടെന്നു പ്രഖ്യാപിച്ചുകൊണ്ട് ദൈവത്തെ ആരാധിക്കും.

C. എല്ലാവരും ക്രിസ്തുവിനാൽ നിറയുകയും ക്രിസ്തുവിനെക്കൊണ്ട് ശോഭിക്കുകയും അവർ അധ്വാനിച്ച ക്രിസ്തുവിനെ പ്രദർശിപ്പിക്കുകയും ചെയ്യുമ്പോഴാണ് അവന്റെ ജനത്താലുള്ള യഥാർഥ ദൈവാരാധന ഉണ്ടായിരിക്കുന്നത്.

D. എല്ലാ യോഗങ്ങളിലും, ദൈവത്തിനും സന്നിഹിതരായിരിക്കുന്നവർക്കും ഒരു സ്വമേധാദാനമെന്ന നിലയിൽ സംസാരിക്കുന്നതിന് നമുക്ക് എപ്പോഴും എന്തെങ്കിലും ഉണ്ടായിരിക്കണം—വാ. 26:

1 Cor. 14:26 ആകയാൽ എന്ത്, സഹോദരന്മാരേ? നിങ്ങൾ കൂടിവരുമ്പോഴെല്ലാം, ഓരോരുത്തന് സങ്കീർത്തനം ഉണ്ട്, ഉപദേശം ഉണ്ട്, വെളിപാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യാഖ്യാനം ഉണ്ട്. സകലവും കെട്ടുപണിക്കായി ചെയ്യട്ടെ.

1. യോഗത്തിന് വരുന്നതിനുമുമ്പ്, ഒന്നുകിൽ അവനെക്കുറിച്ചുള്ള നമ്മുടെ അനുഭവത്തിലൂടെയോ അല്ലെങ്കിൽ അവന്റെ വചനം ആസ്വദിച്ചതിലൂടെയോ പ്രാർഥനയിൽ അവനുമായുള്ള കൂട്ടായ്മയിലൂടെയോ ലഭിച്ച കർത്താവിനെ ക്കുറിച്ചുള്ള ചിലതിനാൽ യോഗത്തിനുവേണ്ടി നാം നമ്മെത്തന്നെ ഒരുക്കണം.

2. യോഗത്തിലേക്ക് വന്നതിനുശേഷം, പ്രചോദനത്തിനായി നാം കാത്തിരിക്കരുത്; നാം തയ്യാറാക്കിയത് കർത്താവിന് അവന്റെ

മഹത്വത്തിനും സംതൃപ്തിക്കുംവേണ്ടിയും, സന്നിഹിതരായിരിക്കുന്നവർക്ക് അവരുടെ പ്രയോജനത്തിനു—അവരുടെ പ്രകാശനത്തിനും പോഷണത്തിനും കെട്ടുപണിക്കും—വേണ്ടിയും അർപ്പിക്കുന്നതിൽ നമ്മുടെ ആത്മാവിനെ നാം വ്യായാമം ചെയ്യുകയും, നമ്മുടെ പരിശീലിപ്പിക്കപ്പെട്ട മനസ്സിനെ ഉപയോഗിക്കുകയും വേണം—വാ. 31-32.

1 Cor. 14:31 എല്ലാവരും പഠിക്കേണ്ടതിനും എല്ലാവരും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതിനും നിങ്ങൾക്ക് എല്ലാവർക്കും ഓരോരുത്തരായി പ്രവചിക്കാം.

1 Cor. 14:32 പ്രവാചകന്മാരുടെ ആത്മാക്കൾ പ്രവാചകന്മാർക്ക് കീഴ്പ്പെട്ടിരിക്കുന്നു;

**IV. സംഘാതമായ ആരാധനയ്ക്കായി കർത്താവ് തിരഞ്ഞെടുത്തിരിക്കുന്ന സ്ഥലത്ത്—നമ്മുടെ ആത്മാവിലും നിസ്തുലമായ ഒരുമയുടെ അടിത്തറയിലും—കർത്താവിന്റെ മക്കളോടുകൂടെ നാം കൂടിവരണം—ആവ. 12:5, 11, 13-14, 18; 16:16; യോഹ. 4:24:**

Deut. 12:5 നിങ്ങളുടെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിക്കേണ്ടതിന്നു നിങ്ങളുടെ സകലഗോത്രങ്ങളിലുംവെച്ചു തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിങ്ങൾ തിരുനിവാസദർശനത്തിന്നായി ചെല്ലേണം.

Deut. 12:11 നിങ്ങളുടെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിപ്പാൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിങ്ങളുടെ ഹോമയാഗങ്ങൾ, ഹനനയാഗങ്ങൾ, ദശാംശങ്ങൾ, നിങ്ങളുടെ കയ്യിലെ ഉദർച്ചാർപ്പണങ്ങൾ, നിങ്ങൾ യഹോവെക്കു നേരുന്ന വിശേഷമായ നേർച്ചകൾ എല്ലാം എന്നിങ്ങനെ ഞാൻ നിങ്ങളോടു ആജ്ഞാപിക്കുന്നതൊക്കെയും നിങ്ങൾ കൊണ്ടുവരേണം.

Deut. 12:13 നിനക്കു ബോധിക്കുന്നേടത്തൊക്കെയും നിന്റെ ഹോമയാഗങ്ങൾ കഴിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾക.

Deut. 12:14 യഹോവ നിന്റെ ഗോത്രങ്ങളിൽ ഒന്നിൽ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നീ നിന്റെ ഹോമയാഗങ്ങൾ കഴിക്കേണം; ഞാൻ നിന്നോടു ആജ്ഞാപിക്കുന്നതൊക്കെയും നീ ചെയ്യേണം.

Deut. 12:18 അവയെ നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽവെച്ചു നീയും നിന്റെ മകനും മകളും നിന്റെ ദാസനും ദാസിയും നിന്റെ പട്ടണങ്ങളിൽ ഉള്ള ലേവ്യനും തിന്നു, നിന്റെ സകലപ്രയത്നത്തെക്കുറിച്ചും നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽ നീ സന്തോഷിക്കേണം.

Deut. 16:16 നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിന്റെ ആണുങ്ങളൊക്കെയും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുനാളിലും വാരോത്സവത്തിലും കൂടാരപ്പെരുനാളിലും ഇങ്ങനെ സംവത്സരത്തിൽ മൂന്നു പ്രാവശ്യം അവന്റെ സന്നിധിയിൽ വരേണം; എന്നാൽ യഹോവയുടെ സന്നിധിയിൽ വെറുങ്കയ്യായി വരരുതു.

John. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

A. ഒന്നാമത്, ദൈവത്തിന്റെ വിശുദ്ധമന്ദിരം, അവന്റെ നിവാസം നമ്മുടെ ആത്മാവിലാണ് (എഫെ. 2:22), രണ്ടാമത്, അത് സഭയാണ് (1 തിമൊ. 3:15); അങ്ങനെ, ദൈവത്തിന്റെ വിശുദ്ധമന്ദിരത്തിലേക്ക് പോകുന്നതിന്, നമ്മുടെ ആത്മാവിലേക്ക് നാം തിരിഞ്ഞ് സഭായോഗങ്ങളിലേക്ക് നാം പോകണം;

നമ്മുടെ ആത്മാവിലും സഭയിലും ദിവ്യ വെളിപാടും നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കുമുള്ള വിശദീകരണവും നാം സ്വീകരിക്കുന്നു (സങ്കീ. 73:16-28).

Eph. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

1 Tim. 3:15 എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു.

Psa. 73:16 ഞാൻ ഇതു ഗ്രഹിപ്പാൻ നിരൂപിച്ചപ്പോൾ എനിക്കു പ്രയാസമായി തോന്നി;

Psa. 73:17 ഒടുവിൽ ഞാൻ ദൈവത്തിന്റെ വിശുദ്ധ മന്ദിരത്തിൽ ചെന്നു അവരുടെ അന്തം എന്താകും എന്നു ചിന്തിച്ചു.

Psa. 73:18 നിശ്ചയമായി നീ അവരെ വഴുവഴുപ്പിൽ നിർത്തുന്നു; നീ അവരെ നാശത്തിൽ തള്ളിയിടുന്നു.

Psa. 73:19 എത്ര ക്ഷണത്തിൽ അവർ ശൂന്യമായ്പോയി! അവർ മെരുൾചകളാൽ അശേഷം മുടിഞ്ഞുപോയിരിക്കുന്നു.

Psa. 73:20 ഉണരുമ്പോൾ ഒരു സ്വപ്നത്തെപ്പോലെ കർത്താവേ, നീ ഉണരുമ്പോൾ അവരുടെ രൂപത്തെ തുച്ഛീകരിക്കും.

Psa. 73:21 ഇങ്ങനെ എന്റെ ഹൃദയം വ്യസനിക്കയും എന്റെ അന്തരംഗത്തിൽ കുത്തുകൊള്ളുകയും ചെയ്തപ്പോൾ

Psa. 73:22 ഞാൻ പൊട്ടനും ഒന്നും അറിയാത്തവനും ആയിരുന്നു; നിന്റെ മുമ്പിൽ മൃഗംപോലെ ആയിരുന്നു.

Psa. 73:23 എന്നിട്ടും ഞാൻ എപ്പോഴും നിന്റെ അടുക്കൽ ഇരിക്കുന്നു; നീ എന്നെ വലങ്കൈക്കു പിടിച്ചിരിക്കുന്നു.

Psa. 73:24 നിന്റെ ആലോചനയാൽ നീ എന്നെ നടത്തും; പിന്നെത്തേതിൽ മഹത്വത്തിലേക്കു എന്നെ കൈക്കൊള്ളും.

Psa. 73:25 സ്വർഗ്ഗത്തിൽ എനിക്കു ആരുള്ളു? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല.

Psa. 73:26 എന്റെ മാംസവും ഹൃദയവും ക്ഷയിച്ചുപോകുന്നു; ദൈവം എന്നേക്കും എന്റെ ഹൃദയത്തിന്റെ പാറയും എന്റെ ഓഹരിയും ആകുന്നു.

Psa. 73:27 ഇതാ, നിന്നോടു അകന്നിരിക്കുന്നവർ നശിച്ചുപോകും; നിന്നെ വിട്ടു പരസംഗം ചെയ്യുന്ന എല്ലാവരെയും നീ സംഹരിക്കും.

Psa. 73:28 എന്നാൽ ദൈവത്തോടു അടുത്തിരിക്കുന്നതു എനിക്കു നല്ലതു; നിന്റെ സകലപ്രവൃത്തികളെയും വർണ്ണിക്കേണ്ടതിന്നു ഞാൻ യഹോവയായ കർത്താവിനെ എന്റെ സങ്കേതമാക്കിയിരിക്കുന്നു.

B. ഒരുമയുടെ യഥാർഥ അടിത്തറയിന്മേൽ ക്രിസ്തുവിന്റെ ശരീരത്തിന്റെ നിസ്തുലമായ ഒരുമയെ നാം കാക്കണം:

1. സഭാജീവിതത്തിന്റെ അനുഷ്ഠാനം ഒരു പട്ടണത്തിന് ഒരു സഭ, ഒരു സഭ മാത്രമുള്ള ഒരു പട്ടണം ഉണ്ടായിരിക്കുക എന്നതാണ്—പ്രവൃ. 8:1; 13:1; 1 കൊരി. 1:2; വെളി. 1:11.

   Acts. 8:1 അവനെ കൊല്ലുന്നത് ശൗൽ അംഗീകരിച്ചിരുന്നു. ആ നാളിൽ യെരൂശലേമിലുള്ള സഭയ്ക്കെതിരെ വലിയൊരു ഉപദ്രവമുണ്ടായി; അപ്പൊസ്തലന്മാർ ഒഴികെ, എല്ലാവരും യെഹൂദ്യയുടെയും

ശമര്യയുടെയും പ്രദേശങ്ങളിലെങ്ങും ചിതറിപ്പോയി.

Acts. 13:1 അന്ത്യൊക്ക്യയിലെ സ്ഥലം സഭയിൽ, ബർന്നബാസ്, നീഗർ എന്നു പേരുള്ള ശിമ്യോൻ, കുറേനക്കാരനായ ലൂക്ക്യൊസ്, ഇടപ്രഭുവായ ഹെരോദാവിന്റെ വളർത്തു സഹോദരനായ മനായേൻ, ശൗൽ എന്നീ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു.

1 Cor. 1:2 കൊരിന്തിലുള്ള ദൈവസഭയ്ക്ക്, ക്രിസ്തു യേശുവിൽ, വിശുദ്ധീകരിക്കപ്പെട്ടവരും, എല്ലായിടത്തും അവരുടെയും നമ്മുടെയുമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാർക്ക്:

Rev. 1:11 അതു പറഞ്ഞത്, നീ കാണുന്നത് ഒരു ചുരുളിൽ എഴുതി ഏഴു സഭകൾക്ക്: എഫെസൊസിനും സ്മുർന്നയ്ക്കും പെർഗ്ഗമൊസിനും തുയഥൈരയ്ക്കും സർദ്ദിസിനും ഫിലദെൽഫ്യയ്ക്കും ലവൊദിക്ക്യക്കും അയയ്ക്കുക..

2. ഒരുമയുടെ യഥാർഥ അടുത്തറയിന്മേൽ, നാം കർത്താവിനെ അഭിഷേക തൈലമായും ഉന്മേഷം നൽകുന്ന മഞ്ഞായും കല്പിക്കപ്പെട്ട ജീവന്റെ അനുഗ്രഹമായും ആസ്വദിക്കുന്നു—സങ്കീ. 133.

Psa. 133:1 ദാവീദിന്റെ ഒരു ആരോഹണ ഗീതം. ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവും ആകുന്നു!

Psa. 133:2 അതു വസ്ത്രത്തിന്റെ വിളുമ്പിലേക്കു നീണ്ടു കിടക്കുന്ന താടിയിലേക്കു, അഹരോന്റെ താടിയിലേക്കു തന്നേ, ഒഴുകുന്നതായി അവന്റെ തലയിലെ വിശേഷതൈലംപോലെയും

Psa. 133:3 സീയോൻപർവ്വതത്തിൽ പെയ്യുന്ന ഹെർമ്മോന്യമഞ്ഞുപോലെയും ആകുന്നു; അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതമായുള്ള ജീവനും കല്പിച്ചിരിക്കുന്നതു.

C. കർത്താവ് തിരഞ്ഞെടുത്ത സ്ഥലത്തിന് നാലു സവിശേഷതകൾ ഉണ്ട്:

1. കർത്താവ് തിരഞ്ഞെടുത്ത സ്ഥലത്തിന് ക്രിസ്തുവിന്റെ നാമമല്ലാതെ മറ്റൊരു നാമവും ഉണ്ടായിരിക്കരുത്—ആവ. 12:5; വെളി. 3:8.

Deut. 12:5 നിങ്ങളുടെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിക്കേണ്ടതിന്നു നിങ്ങളുടെ സകലഗോത്രങ്ങളിലുംവെച്ചു തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിങ്ങൾ തിരുനിവാസദർശനത്തിന്നായി ചെല്ലേണം.

Rev. 3:8 നിന്റെ പ്രവൃത്തികൾ ഞാൻ അറിയുന്നു; ഇതാ, ഞാൻ ആർക്കും അടയ്ക്കുവാൻ കഴിയാത്ത ഒരു തുറന്ന വാതിൽ നിനക്കു മുമ്പാകെ വച്ചിരിക്കുന്നു, എന്തുകൊണ്ടെന്നാൽ നിനക്ക് അൽപമേ ശക്തിയുള്ളൂ, നീ എന്റെ വചനം കാത്തു, എന്റെ നാമം നിഷേധിച്ചതുമില്ല.

2. കർത്താവ് തിരഞ്ഞെടുത്ത സ്ഥലം ആത്മാവിന്റെ വ്യായാമത്താൽ നിറഞ്ഞതാണ്—എഫെ. 2:22; യോഹ. 4:24; 1 തിമൊ. 4:7; 1 കൊരി. 14:32.

Eph. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

John. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

1 Tim. 4:7 എന്നാൽ അശുദ്ധമായ കിഴവിക്കഥകളെ നിരസിച്ച്, നിന്നെത്തന്നെ ദൈവികതയിങ്കലേക്ക് അഭ്യസിപ്പിക്കുക.

1 Cor. 14:32 പ്രവാചകന്മാരുടെ ആത്മാക്കൾ പ്രവാചകന്മാർക്ക് കീഴ്പ്പെട്ടിരിക്കുന്നു;

3. കർത്താവ് തിരഞ്ഞെടുത്ത സ്ഥലം ക്രിസ്തുവിന്റെ സമ്പത്തിന്റെ ആസ്വദനമുള്ള സ്ഥലമാണ്—ആവ. 12:7, 18; സങ്കീ. 36:8-9.

Deut. 12:7 അവിടെ നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽവെച്ചു നിങ്ങൾ ഭക്ഷിക്കയും നിങ്ങളുടെ സകലപ്രവൃത്തിയിലും നിന്റെ ദൈവമായ യഹോവ നിന്നെ അനുഗ്രഹിച്ചതിനെക്കുറിച്ചു നിങ്ങളും നിങ്ങളുടെ കടുംബങ്ങളും സന്തോഷിക്കയും വേണം.

Deut. 12:18 അവയെ നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽവെച്ചു നീയും നിന്റെ മകനും മകളും നിന്റെ ദാസനും ദാസിയും നിന്റെ പട്ടണങ്ങളിൽ ഉള്ള ലേവ്യനും തിന്നു, നിന്റെ സകലപ്രയത്നത്തെക്കുറിച്ചും നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽ നീ സന്തോഷിക്കേണം.

Psa. 36:8 നിന്റെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ചു തൃപ്തി പ്രാപിക്കുന്നു; നിന്റെ ആനന്ദനദി നീ അവരെ കുടിപ്പിക്കുന്നു.

Psa. 36:9 നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ; നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു.

4. കർത്താവ് തിരഞ്ഞെടുത്ത സ്ഥലം സന്തോഷത്തിന്റെ സ്ഥലമാണ്—ആവ. 12:7, 12, 18; Psa. 42:4; 122:1.

Deut. 12:7 അവിടെ നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽവെച്ചു നിങ്ങൾ ഭക്ഷിക്കയും നിങ്ങളുടെ സകലപ്രവൃത്തിയിലും നിന്റെ ദൈവമായ യഹോവ നിന്നെ അനുഗ്രഹിച്ചതിനെക്കുറിച്ചു നിങ്ങളും നിങ്ങളുടെ കടുംബങ്ങളും സന്തോഷിക്കയും വേണം.

Deut. 12:12 നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ നിങ്ങളും നിങ്ങളുടെ പുത്രന്മാരും പുത്രിമാരും നിങ്ങളുടെ ദാസന്മാരും ദാസിമാരും നിങ്ങളുടെ പട്ടണങ്ങളിൽ ഉള്ള ലേവ്യനും സന്തോഷിക്കേണം; അവന്നു നിങ്ങളോടുകൂടെ ഓഹരിയും അവകാശവും ഇല്ലല്ലോ.

Deut. 12:18 അവയെ നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽവെച്ചു നീയും നിന്റെ മകനും മകളും നിന്റെ ദാസനും ദാസിയും നിന്റെ പട്ടണങ്ങളിൽ ഉള്ള ലേവ്യനും തിന്നു, നിന്റെ സകലപ്രയത്നത്തെക്കുറിച്ചും നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽ നീ സന്തോഷിക്കേണം.

Psa. 42:4 ഉത്സവം ആചരിക്കുന്ന പുരുഷാരത്തിന്റെ സന്തോഷവും സ്തോത്രവുമായ സ്വരത്തോടുകൂടെ സമൂഹമദ്ധ്യേ ഞാൻ ദൈവാലയത്തിലേക്കു ചെന്നതു ഓർത്തു എന്റെ ഉള്ളം എന്നിൽ പകരുന്നു.

Psa. 122:1 ദാവീദിന്റെ ഒരു ആരോഹണഗീതം. യഹോവയുടെ ആലയത്തിലേക്കു നമുക്കു പോകാം എന്നു അവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.

**V. നല്ല ദേശമായ ക്രിസ്തുവിന്റെ സർവവും-ഉൾക്കൊള്ളുന്ന സമ്പത്ത് നാം ആസ്വാദിക്കുന്നതിന്റെ ഫലം, ആലയമെന്ന നിലയിൽ ദൈവത്തിന്റെ വാസസ്ഥലവും നഗരം എന്ന നിലയിൽ ദൈവത്തിന്റെ രാജ്യവുമായ സഭയാണ്—എഫെ. 2:21-22:**

Eph. 2:21 അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു;

Eph. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

A. ആലയത്തോടും നഗരത്തോടുംകൂടിയ ദേശമാണ് ദൈവത്തിന്റെ പദ്ധതിയുടെ കേന്ദ്രം—1 രാജാ. 8:48-ഉം അടിക്കുറിപ്പ് 1-ഉം:

1 Kings. 8:48 നിന്നോടു യാചിക്കയും അവരെ പിടിച്ചു കൊണ്ടുപോയ ശത്രുക്കളുടെ ദേശത്തുവെച്ചു അവർ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ നിങ്കലേക്കു തിരിഞ്ഞു, നീ അവരുടെ പിതാക്കന്മാർക്കു കൊടുത്ത ദേശത്തേക്കു നീ തിരഞ്ഞെടുത്ത നഗരത്തിങ്കലേക്കും ഞാൻ നിന്റെ നാമത്തിന്നു പണിതിരിക്കുന്ന ഈ ആലയത്തിങ്കലേക്കും നോക്കി നിന്നോടു പ്രാർത്ഥിക്കയും ചെയ്താൽ

note 1 Verses 31-48 mention seven conditions concerning God's listening to the prayers of His elect. In this, the last, condition three things are stressed (v. 48): the Holy Land, typifying Christ as the portion allotted by God to the believers (see note 71 in Deut. 8); the holy city, signifying the kingdom of God in Christ (Psa. 48:1-2); and the holy temple, signifying God's house, the church, on the earth (Eph. 2:21; 1 Tim. 3:15). These are the three crucial things regarding God's economy. During the Babylonian captivity Daniel prayed toward the Holy Land, the holy city, and the holy temple three times a day by opening his window toward Jerusalem (Dan. 6:10). This indicates that God will listen to our prayer when our prayer to God is toward Christ, the kingdom of God, and the house of God as the goal in God's eternal economy. This means that no matter for whom we are praying, our prayers should be aimed at the interests of God, i.e., at Christ and the church as God's interests on earth, for the fulfilling of God's economy.

1. ദേശം ക്രിസ്തു തന്നെയും, ആലയവും നഗരവും ക്രിസ്തുവിന്റെ നിറവായ, അവന്റെ ശരീരമായ സഭയും ആണ്—എഫെ. 1:22-23; 2:21-22.

Eph. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

Eph. 1:23 എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

Eph. 2:21 അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു;

Eph. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

2. ആലയം ദൈവത്തിന്റെ ആവിഷ്കാരത്തിനു വേണ്ടിയും നഗരം ദൈവത്തിന്റെ ആധിപത്യത്തിനു വേണ്ടിയുമാണ്; ഇത് ദൈവത്തിന്റെ നിത്യോദ്ദേശ്യം നിറവേറ്റുന്നു—ഉല്പ. 1:26.

Gen. 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

B. തന്റെ ആവിഷ്കാരത്തിനുവേണ്ടിയുള്ള അവന്റെ വാസസ്ഥലമായ ദൈവഭവനത്തിന്റെ പ്രധാന വശങ്ങൾ ദൈവത്തിന്റെ സാന്നിധ്യത്തെക്കുറിച്ച് സംസാരിക്കുന്നു:

1. ദൈവത്തിന്റെ ഭവനം ദൈവത്തിന്റെ സാന്നിധ്യത്തിന്റെ സ്ഥലമാണ്, അത് ദൈവത്തിന്റെ മഹത്വവും (സങ്കീ. 26:8; 29:9), ദൈവത്തിന്റെ സൗന്ദര്യവും (27:4, 8), ദൈവത്തിന്റെ സമ്പത്തും ആണ് (36:8-9).

Psa. 26:8 യഹോവേ, നിന്റെ ആലയമായ വാസസ്ഥലവും നിന്റെ മഹത്വത്തിന്റെ നിവാസവും എനിക്കു പ്രിയമാകുന്നു.

Psa. 29:9 യഹോവയുടെ ശബ്ദം മാൻപേടകളെ പ്രസവിക്കുമാറാക്കുന്നു; അതു വനങ്ങളെ തോലുരിക്കുന്നു; അവന്റെ മന്ദിരത്തിൽ സകലവും മഹത്വം എന്നു ചൊല്ലുന്നു.

Psa. 27:4 ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു തന്നേ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നേ.

Psa. 27:8 "എന്റെ മുഖം അന്വേഷിപ്പിൻ" എന്നു നിങ്കൽനിന്നു കല്പന വന്നു എന്നു എന്റെ ഹൃദയം പറയുന്നു; യഹോവേ, ഞാൻ നിന്റെ മുഖം അന്വേഷിക്കുന്നു.

Psa. 36:8 നിന്റെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ചു തൃപ്തി പ്രാപിക്കുന്നു; നിന്റെ ആനന്ദനദി നീ അവരെ കുടിപ്പിക്കുന്നു.

Psa. 36:9 നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ; നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു.

2. ദൈവത്തിന്റെ ഭവനം വെളിപാടിന്റെയും ദൈവത്തിന്റെ ഉത്തരത്തിന്റെയും സ്ഥലമാണ്—73:16-17; 3:4; 18:6.

Psa. 73:16 ഞാൻ ഇതു ഗ്രഹിപ്പാൻ നിരൂപിച്ചപ്പോൾ എനിക്കു പ്രയാസമായി തോന്നി;

Psa. 73:17 ഒടുവിൽ ഞാൻ ദൈവത്തിന്റെ വിശുദ്ധ മന്ദിരത്തിൽ ചെന്നു അവരുടെ അന്തം എന്താകും എന്നു ചിന്തിച്ചു.

Psa. 3:4 ഞാൻ യഹോവയോടു ഉച്ചത്തിൽ നിലവിളിക്കുന്നു; അവൻ തന്റെ വിശുദ്ധപർവ്വതത്തിൽനിന്നു ഉത്തരം അരുളുകയും ചെയ്യുന്നു. സേലാ.

Psa. 18:6 എന്റെ കഷ്ടതയിൽ ഞാൻ യഹോവയെ വിളിച്ചപേക്ഷിച്ചു, എന്റെ ദൈവത്തോടു നിലവിളിച്ചു; അവൻ തന്റെ മന്ദിരത്തിൽനിന്നു എന്റെ അപേക്ഷ കേട്ടു; തിരുമുമ്പിൽ ഞാൻ കഴിച്ച പ്രാർത്ഥന അവന്റെ ചെവിയിൽ എത്തി.

3. ദൈവത്തിന്റെ ഭവനം നമ്മുടെ അഭയസ്ഥലമാണ്—27:5; പ്ര.നി. 31:20; 84:3.

Psa. 27:5 അനർത്ഥദിവസത്തിൽ അവൻ തന്റെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും; തിരുനിവാസത്തിന്റെ മറവിൽ എന്നെ മറെക്കും; പാറമേൽ എന്നെ ഉയർത്തും.

Psa. 31:20 നീ അവരെ മനുഷ്യരുടെ കൂട്ടുകെട്ടിൽനിന്നു വിടുവിച്ചു നിന്റെ സാന്നിധ്യത്തിന്റെ മറവിൽ മറെക്കും. നീ അവരെ നാവുകളുടെ വക്കാണത്തിൽനിന്നു രക്ഷിച്ചു ഒരു കൂടാരത്തിന്നകത്തു ഒളിപ്പിക്കും.

Psa. 84:3 കുരികിൽ ഒരു വീടും, മീവൽപക്ഷി കുഞ്ഞുങ്ങൾക്കു ഒരു കൂടും

കണ്ടെത്തിയിരിക്കുന്നു; എന്റെ രാജാവും എന്റെ ദൈവവുമായ സൈന്യങ്ങളുടെ യഹോവേ, നിന്റെ യാഗപീഠങ്ങളെ തന്നേ.

4. ദൈവത്തിന്റെ ഭവനം നമ്മെ നടുകയും നാം തഴയ്ക്കുകയും ഫലം കായ്ക്കുകയും ചെയ്യുന്ന സ്ഥലമാണ്—92:13-14.

Psa. 92:13 യഹോവയുടെ ആലയത്തിൽ നടുതലയായവർ നമ്മുടെ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെക്കും.

Psa. 92:14 വാർദ്ധക്യത്തിലും അവർ ഫലം കായിച്ചുകൊണ്ടിരിക്കും; അവർ പുഷ്ടിവെച്ചും പച്ചപിടിച്ചും ഇരിക്കും.

5. ദൈവത്തിന്റെ ഭവനം ഉറവുകളുടെ സ്ഥലമാണ്—87:7.

Psa. 87:7 എന്റെ ഉറവുകൾ ഒക്കെയും നിന്നിൽ ആകുന്നു എന്നു സംഗീതക്കാരും നൃത്തം ചെയ്യുന്നവരും ഒരുപോലെ പറയും.

6. ദൈവത്തിന്റെ ഭവനം നമ്മെ ബലപ്പെടുത്തുന്ന സ്ഥലമാണ്—68:35; 96:6.

Psa. 68:35 ദൈവമേ, നിന്റെ വിശുദ്ധമന്ദിരത്തിൽനിന്നു നീ ഭയങ്കരനായി വിളങ്ങുന്നു; യിസ്രായേലിന്റെ ദൈവം തന്റെ ജനത്തിന്നു ശക്തിയും ബലവും കൊടുക്കുന്നു. ദൈവം വാഴ്ത്തപ്പെടുമാറാകട്ടെ.

Psa. 96:6 ബഹുമാനവും തേജസ്സും അവന്റെ മുമ്പിലും ബലവും ശോഭയും അവന്റെ വിശുദ്ധമന്ദിരത്തിലും ഉണ്ടു.

7. ദൈവത്തിന്റെ ഭവനം നാം ദൈവവുമായി ഇഴുകിച്ചേരുന്ന സ്ഥലമാണ്—92:10.

Psa. 92:10 എങ്കിലും എന്റെ കൊമ്പു നീ കാട്ടുപോത്തിന്റെ കൊമ്പുപോലെ ഉയർത്തും; പുതിയ എണ്ണ എന്നെ തേപ്പിക്കുന്നു.

8. ദൈവത്തിന്റെ ഭവനം ദൈവം നമ്മുടെ ഓഹരി ആയിരിക്കുന്ന സ്ഥലമാണ്—73:26.

Psa. 73:26 എന്റെ മാംസവും ഹൃദയവും ക്ഷയിച്ചുപോകുന്നു; ദൈവം എന്നേക്കും എന്റെ ഹൃദയത്തിന്റെ പാറയും എന്റെ ഓഹരിയും ആകുന്നു.

C. തന്റെ ആധിപത്യത്തിനു വേണ്ടിയുള്ള അവന്റെ രാജ്യമായ ദൈവത്തിന്റെ നഗരത്തിന്റെ പ്രധാന വശങ്ങൾ ദൈവത്തിന്റെ അധികാരത്തെക്കുറിച്ച് സംസാരിക്കുന്നു:

1. ദൈവത്തിന്റെ നഗരം ഉറപ്പുള്ള ഒരു നഗരം, മഹാരാജാവിന്റെ നഗരം ആണ്—31:21; 48:2.

Psa. 31:21 യഹോവ വാഴ്ത്തപ്പെട്ടവൻ; അവൻ ഉറപ്പുള്ള പട്ടണത്തിൽ തന്റെ ദയ എനിക്കു അത്ഭുതമായി കാണിച്ചിരിക്കുന്നു.

Psa. 48:2 മഹാരാജാവിന്റെ നഗരമായി ഉത്തരഗിരിയായ സീയോൻപർവ്വതം ഉയരംകൊണ്ടു മനോഹരവും സർവ്വഭൂമിയുടെയും ആനന്ദവുമാകുന്നു.

2. ദൈവത്തിന്റെ നഗരത്തിൽ സന്തോഷിപ്പിക്കുന്ന തോടുകളോടുകൂടിയ ഒരു നദിയുണ്ട്—46:4-5.

Psa. 46:4 ഒരു നദി ഉണ്ടു; അതിന്റെ തോടുകൾ ദൈവനഗരത്തെ, അത്യുന്നതന്റെ വിശുദ്ധനിവാസത്തെ തന്നേ, സന്തോഷിപ്പിക്കുന്നു.

Psa. 46:5 ദൈവം അതിന്റെ മദ്ധ്യേ ഉണ്ടു; അതു കുലുങ്ങിപ്പോകയില്ല; ദൈവം അതികാലത്തു തന്നേ അതിനെ സഹായിക്കും.

3. ദൈവം അവളിൽ അറിയപ്പെടുകയും, അവളിൽ ഒരു ഉയർന്ന ദുർഗവുമാണ്—48:3.

Psa. 48:3 അതിന്റെ അരമനകളിൽ ദൈവം ഒരു ദുർഗ്ഗമായി വെളിപ്പെട്ടുവന്നിരിക്കുന്നു.

4. അവൾ ശത്രുവിന് ഒരു ഭയഹേതുവാണ്—വാ. 3-6; 76:2-3.

Psa. 48:3 അതിന്റെ അരമനകളിൽ ദൈവം ഒരു ദുർഗ്ഗമായി വെളിപ്പെട്ടുവന്നിരിക്കുന്നു.

Psa. 48:4 ഇതാ, രാജാക്കന്മാർ കൂട്ടം കൂടി; അവർ ഒന്നിച്ചു കടന്നുപോയി.

Psa. 48:5 അവർ അതു കണ്ടു അമ്പരന്നു, അവർ പരിഭ്രമിച്ചു ഓടിപ്പോയി.

Psa. 48:6 അവർക്കു അവിടെ വിറയൽ പിടിച്ചു; നോവു കിട്ടിയവൾക്കെന്നപോലെ വേദന പിടിച്ചു.

Psa. 76:2 അവന്റെ കൂടാരം ശാലേമിലും അവന്റെ വാസസ്ഥലം സീയോനിലും ഇരിക്കുന്നു.

Psa. 76:3 അവിടെവെച്ചു അവൻ വില്ലിന്റെ മിന്നുന്ന അമ്പുകളും പരിചയും വാളും യുദ്ധവും തകർത്തുകളഞ്ഞു. സേലാ.

5. അവൾ സൗന്ദര്യത്തിന്റെ പൂർണതയാണ്—50:2.

Psa. 50:2 സൗന്ദര്യത്തിന്റെ പൂർണ്ണതയായ സീയോനിൽനിന്നു ദൈവം പ്രകാശിക്കുന്നു.

6. അവൾ ദൈവത്തിന്റെ സുപ്രസാദത്തിന്റെ ലക്ഷ്യമാണ്—51:18.

Psa. 51:18 നിന്റെ പ്രസാദപ്രകാരം സീയോനോടു നന്മ ചെയ്യേണമേ; യെരൂശലേമിന്റെ മതിലുകളെ പണിയേണമേ;

7. ന്യായവിധിയുടെ സിംഹാസനങ്ങൾ ദൈവത്തിന്റെ നഗരത്തിൽ സ്ഥാപിച്ചിരിക്കുന്നു—122:5.

Psa. 122:5 അവിടെ ന്യായാസനങ്ങൾ, ദാവീദുഗൃഹത്തിന്റെ ന്യായാസനങ്ങൾ തന്നേ ഇരിക്കുന്നു.

8. കർത്താവ് അവളിൽനിന്ന് മറ്റുള്ളവരെ അനുഗ്രഹിക്കുകയും അവളിൽനിന്ന് വാഴ്ത്തപ്പെടുകയും ചെയ്യുന്നു—134:3; 135:21.

Psa. 134:3 ആകാശവും ഭൂമിയും ഉണ്ടാക്കിയ യഹോവ സീയോനിൽനിന്നു നിന്നെ അനുഗ്രഹിക്കുമാറാകട്ടെ.

Psa. 135:21 യെരൂശലേമിൽ അധിവസിക്കുന്ന യഹോവ സിയോനിൽനിന്നു വാഴ്ത്തപ്പെടുമാറാകട്ടെ. യഹോവയെ സ്തുതിപ്പിൻ.

**VI. ക്രിസ്തുവിനെ നല്ല ദേശമായി നാം ആസ്വദിക്കുന്നതിന്റെ ആത്യന്തിക ഫലം, നിത്യമായ വാസസ്ഥലവും ദൈവരാജ്യവും എന്ന നിലയിൽ, തന്റെ വീണ്ടുംജനിച്ച, രൂപാന്തരപ്പെട്ട, തേജസ്കരിക്കപ്പെട്ട ത്രിഭാഗീയ ജനത്തോടുകൂടെയുള്ള പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിന്റെ ദിവ്യ-മനുഷ്യ സംയോജനമാണ്—വെളി. 21:3, 22; 22:5.**

Rev. 21:3 സിംഹാസനത്തിൽനിന്ന് ഞാൻ ഉച്ചത്തിൽ പറഞ്ഞുകേട്ടത്, ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം, അവൻ അവരോടുകൂടെ കൂടാരമടിക്കും, അവർ അവന്റെ ജനങ്ങളായിരിക്കും, ദൈവം താൻ അവരോടുകൂടെ ആയിരുന്ന് അവരുടെ ദൈവമായിരിക്കും.

Rev. 21:22 അതിൽ ഞാൻ ആലയം കണ്ടില്ല, സർവശക്തനായ ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ ആലയം ആകുന്നു.

Rev. 22:5 ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതിനാൽ, വിളക്കിന്റെ വെളിച്ചവും സൂര്യന്റെ വെളിച്ചവും അവർക്ക് ആവശ്യമില്ല; അവർ എന്നെന്നേക്കും വാഴും.